# ഗദ്ദിക 2019-20(നാടൻ കലാമേള -ഉൽപ്പന്ന പ്രദർശന വിപണന മേള) അപേക്ഷ ക്ഷണിക്കുന്നു.

പട്ടികജാതി- പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്വയംതൊഴിൽ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനും അവരുടെ പരമ്പരാഗത പൈതൃക ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും പാരമ്പര്യ കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനുമായി പട്ടികജാതി -പട്ടിക വർഗ്ഗ വികസന വകുപ്പുകളുടേയും കിർടാഡ്സിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ 'ഗദ്ദിക 2019-20' എന്ന പേരിൽ ഉൽപ്പന്ന പ്രദർശന വിപണന മേളയും കലാമേളയും സംഘടിപ്പിക്കുന്നു. പാരമ്പര്യ ഉൽപ്പന്നങ്ങളുടെ ഉൽപാദനത്തിലേർപ്പെട്ടിട്ടുള്ള പട്ടികജാതി വ്യക്തികൾക്കും, സൊസൈറ്റികൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയ്ക്കും മേളയിൽ പങ്കെടുക്കാവുന്നതാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾ, സംഘടനകൾ/സൊസൈറ്റികൾ എന്നിവർക്ക് ഉൽപ്പന്ന പ്രദർശന വിപണന മേളയിൽ പങ്കെടുക്കുന്നതിനും ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും താല്പര്യമുണ്ടെങ്കിൽ നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ ഉൽപ്പന്നങ്ങളുടെ വിശദമായ വിവരം, അപേക്ഷകരുടെ പൂർണ്ണ മേൽവിലാസം(ഫോൺ നമ്പർ ഉൾപ്പെടെ) ജാതി സർട്ടിഫിക്കറ്റ്, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം 2019 ഒക്ടോബർ 25-ാം തീയതി വൈകുന്നേരം 5 മണിക്കുമുൻപായി , ചീഫ് പബ്ലിസിറ്റി ഓഫീസർ, പട്ടികജാതി വികസന വകുപ്പ്, കനകനഗർ, വെള്ളയമ്പലം,തിരുവനന്തപുരം-695003 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.(ഒരു കുടുംബത്തിലുള്ളവർക്ക് ഒന്നിലധികം സ്റ്റാൾ അനുവദിക്കുന്നതല്ല). പൈതൃകമായ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നവരുടെ അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. വിശദ വിവരങ്ങൾക്കും അപേക്ഷാ ഫോറത്തിനും പട്ടികജാതി വികസന വകുപ്പ് ചീഫ് പബ്ലിസിറ്റി ഓഫീസുമായോ അതാത് ജില്ലാ പട്ടികജാതി വികസന ഓഫീസുമായോ ബന്ധപ്പെടേണ്ടതാണ്. നിശ്ചിത സർട്ടിഫിക്കറ്റുകളും പൂർണ്ണ വിവരങ്ങളും ഇല്ലാത്ത അപേക്ഷകൾ നിരസിക്കുന്നതായിരിക്കും. അപേക്ഷകരുടെ എണ്ണം കൂടുതലായാൽ പരമ്പരാഗത ഉൽപ്പന്നങ്ങളിൽ വൈവിധ്യമുള്ളവ നിർമ്മിക്കുന്നവർക്ക് മുൻഗണന നൽകുന്നതാണ്.

# പട്ടികജാതി വികസന വകുപ്പ്

## ഗദ്ദിക - 2019 - 20

## (നാടൻ കലാമേള - ഉൽപ്പന്നപ്രദർശന വിപണന മേള )

## അപേക്ഷാ ഫോറം

പാസ്പോർട്ട് സൈസ് കളർ ഫോട്ടോ

1. അപേക്ഷകന്റെ പേര് :
2. വ്യക്തി/ കൂട്ടുസംരംഭം/ കുടുംബശ്രീ/ സൊസൈറ്റി :
3. പൂർണ്ണമായ മേൽവിലാസം :
4. ഫോൺ നമ്പർ :
5. തിരിച്ചറിയൽ കാർഡ് നമ്പർ :
   (ആധാർ, ഇലക്ട്രറൽ ഐ.ഡി, ഡ്രൈവിംഗ് ലൈസൻസ് പകർപ്പ് ഹാജരാക്കുക)
6. ജാതി (സർട്ടിഫിക്കറ്റ് അസ്സൽ ഹാജരാക്കണം, ) :
   കൂട്ടുസംരംഭം/കൂടുംബശ്രീ/ സൊസൈറ്റിയാണെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുക
7. വിപണനം നടത്തുന്ന സാധനങ്ങളുടെ വിവരങ്ങൾ :
   (വിശദമായ ലിസ്റ്റ് ഉള്ളടക്കം ചെയ്യുക)
8. മുൻവർഷങ്ങളിൽ വകുപ്പിന്റെ മേളയിൽ പങ്കെടുത്തിട്ടുണ്ടോ :
9. ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ :
10. വിപണനത്തിനായി സ്റ്റാളിൽ നില്ക്കുന്നവരുടെ പേരും വിലാസവും ജാതിയും : 1.
    2.

മേൽ പറഞ്ഞിട്ടുള്ള വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും ഏതെങ്കിലും വിവരങ്ങൾ അന്വേഷണത്തിൽ തെറ്റാണെന്ന് തെളിയുകയാണെങ്കിൽ എനിക്ക് അനുവദിക്കുന്ന സ്റ്റാൾ റദ്ദാക്കുന്നതിനും മേളയുമായി ബന്ധപ്പെട്ട് സർക്കാർ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ തിരികെ നൽകുന്നതിന് എനിക്ക് സമ്മതമാണെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു

സ്ഥലം :
തീയതി : അപേക്ഷകന്റെ ഒപ്പ് :

<u>ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം</u>

......................................................................എന്ന അപേക്ഷകൻ ........................................ബ്ലോക്ക് പരിധിയിൽ പാരമ്പര്യ/ സ്വയം തൊഴിൽ സംരംഭത്തിൽ ഏർപ്പെട്ടിട്ടുള്ള ആളാണെന്നും ഉത്പന്നങ്ങളെല്ലാം പാരമ്പര്യ ഉത്പ്പന്നങ്ങൾ/തൊഴിൽ സംരംഭത്തിൽ നിന്നുള്ളവയാണെന്നും പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : പേര് :
തീയതി : സീൽ ഒപ്പ് :